ഉത്തരം

(എ) പ്രത്യേക മാനസികാരോഗ്യ ബോധവൽക്കരണ പരിപാടി എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. എന്നാൽ ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ജില്ലാ മാനസികാരോഗ്യ പരിപാടി കേരളത്തിൽ നടപ്പിലാക്കിവരുന്നു. ഇതിൽ സമൂഹത്തിന്റെ വിവിധ തലത്തിലുള്ള ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള മാനസികാരോഗ്യ ബോധവൽക്കരണ പരിപാടിയും ഉൾപ്പെടും.

(ബി) 1999-ൽ തിരുവനന്തപുരം ജില്ലയിലും 2000-ത്തിൽ തൃശ്ശൂർ ജില്ലയിലും ജില്ലാ മാനസികാരോഗ്യ പരിപാടി ആരംഭിച്ചു. ഇപ്പോഴും തുടർന്നുവരുന്നു. ഇടുക്കി, വയനാട് ജില്ലകളിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യയും മാനസിക രോഗചികിത്സയുടെ അപര്യാപ്തതയും കണക്കിലെടുത്ത് ജില്ലാ മാനസികാരോഗ്യ പരിപാടി ഈ ജില്ലകളിൽക്കൂടി ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2 ജില്ലകളിൽ പ്രസ്തുത പദ്ധതി അനുവദിച്ച് ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലേക്കാണ് ഈ പദ്ധതി അനുവദിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലക്ക് പകരം വയനാട് ജില്ലയെ പരിഗണിക്കണം എന്ന് കേന്ദ്രസർക്കാരിനോട് ഗവൺമെന്റ് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലാ മാനസികാരോഗ്യ പരിപാടി നിലനിർത്തണമെന്നാവശ്യപ്പെട്ട് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ സമർപ്പിച്ച ഒരു പരാതി ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ (സുവോ മോട്ടോ) ഹർജിയായി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. (ഡബ്ല്യു.പി. നമ്പർ 12245/05).

മെരിറ്റടിസ്ഥാനത്തിൽ എം.ബി.ബി.എസ്.ന് പ്രവേശനം ലഭിച്ചവർ

150. [917] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വിദ്യാർത്ഥി എം.ബി.ബി.എസ്. കോഴ്സ് പഠനം പൂർത്തിയാക്കുവാൻ സംസ്ഥാന ഖജനാവിൽനിന്നും ശരാശരി എന്ത് തുക ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2001-02 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് ഒന്നാം വർഷ എം.ബി.ബി.എസ്.ന് മെരിറ്റ് അടിസ്ഥാനത്തിൽ എത്ര കുട്ടികൾക്ക് പ്രവേശനം നൽകി എന്നും 2005-06-ൽ എത്ര കുട്ടികൾക്ക് മെറിറ്റ് ക്വാട്ടയിൽ സർക്കാർ അൺ എയ്ഡഡ് സ്ഥാപനങ്ങളിലായി പ്രവേശനം നൽകാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏകദേശം 3,90,000 രൂപ സംസ്ഥാന ഖജനാവിൽനിന്നും ചെലവ് വരും.

(ബി) 2001-02-ൽ എം.ബി.ബി.എസ്-ന് മെരിറ്റടിസ്ഥാനത്തിൽ ഫ്രീ സീറ്റിലേക്ക് 654 കുട്ടികൾക്ക് പ്രവേശനം നൽകി. 2005-06-ൽ മെരിറ്റ് ക്വാട്ടയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ 566 സീറ്റിലും സ്വാശ്രയ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ അംഗീകാരത്തിന് വിധേയമായി 407 സീറ്റിലും പ്രവേശനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനം

151. [919] ശ്രീ. എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ ഈ സർക്കാർ സ്ഥാപിക്കുവാനുദ്ദേശിച്ച ഹാർട്ട് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതുവരെ ഈ സ്ഥാപനത്തിനായി എത്ര തുക ചെലവഴിച്ചു ;

(സി) ഇതിനായി പുതിയ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർണ്ണമായും ആരംഭിക്കാനാവുമെന്നാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇത് തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അനുബന്ധസ്ഥാപനമാണോ ?

ഉത്തരം

(എ) കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം തുടങ്ങിയിട്ടില്ല. നിർമ്മാണം അടിയന്തിരമായി തുടങ്ങുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരളാ ഹാർട്ട് ഫൗണ്ടേഷൻ തുടങ്ങുന്നതിന് പ്രാരംഭമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗത്തിൽ ഒരു ബേസ് യൂണിറ്റ് സ്ഥാപിക്കുകയുണ്ടായി. ഇതിന്റെ നിർമ്മാണ നടത്തിപ്പിനായി ഇതുവരെ 10,69,500 രൂപ ചെലവഴിച്ചു.

(സി) ഇതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഒരു പ്യൂൺ എന്നിവരെ നിയമിച്ചിട്ടുണ്ട്.

(ഡി) നിർമ്മാണപ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം പണി പൂർത്തിയാക്കി പ്രവർത്തനം പൂർണ്ണമായും ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) കേരളാ ഹാർട്ട് ഫൗണ്ടേഷൻ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (918)ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly